## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1361** — **11.08.2017 ൽ മറുപടിയ്ക്ക്**

## സുജലം സുഫലം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ദാസൻ<br>ശ്രീ.കെ.ഡി. പ്രസേനൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് 'സുജലം സുഫലം പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ; | ബി) | 'സുജലം സുഫലം ' പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും(പ്രത്യേകിച്ച് നെല്ല് പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.<br>2) ഗാർഹിക സ്ഥാപനങ്ങളിൽ ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പ് വരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.<br>3) വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിയ്ക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി |

ലഭ്യമാകുന്ന പൊതു സ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.

4) ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.

5) ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

6) സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.

7) ജലസ്രോതസ്സുകൾക്കു ചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ തരിശായി കിടന്ന സ്ഥലങ്ങളിൽ കൃഷിയിറക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

ഡി) കുടുംബശ്രീയുടെയും തൊഴിലുറപ്പ പദ്ധതിയുടെയും സഹായത്തോടെ തരിശ് നില കൃഷി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സി) & ഡി) നെൽകൃഷി നിലനിർത്തേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും നെൽപാടങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ തരിശ് നില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി ജില്ലകൾക്ക് അതിൻപ്രകാരമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെയും കുടുംബശ്രീ മിഷന്റെയും സഹകരണത്തോടെ 2956.70 ഹെക്ടർ തരിശ് നിലം ഈ വർഷം (2017-18) കൃഷിയിലേക്ക് തിരികെ കൊണ്ടു വരാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഹെക്ടറൊന്നിന് 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) നിരക്കിൽ ധനസഹായം നൽകും. മുൻ വർഷം (2016-17) തരിശ് നില കൃഷി ചെയ്തത് നിലനിർത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം രണ്ടാം വർഷത്തെ ആനുകൂല്യമായി ഹെക്ടറൊന്നിന് 7,000/- (ഏഴായിരം രൂപ മാത്രം) രൂപ ധനസഹായമായി അനുവദിക്കുന്നതാണ്. തരിശ് നില കൃഷി

പ്രോത്സാഹിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം 10.90 കോടി രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. 31.07.2017 വരെ 654 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ തരിശ് നില നെൽകൃഷിയും 185.60 ഹെക്ടർ സ്ഥലത്ത് 2-ാം വർഷ തരിശ് നില നെൽകൃഷിയും ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**